**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1316** **19-06-2024 - ൽ മറുപടിയ്ക്ക്**

**കാട്ടിൽ കടവ് പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കരുനാഗപ്പള്ളി മണ്ഡലത്തിൽ കിഫ്ബി വഴി അനുവദിച്ച കാട്ടിൽ കടവ് പാലത്തിന് ഭരണാനുമതി ലഭിച്ചതെന്നെന്നും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ; | (എ) | കരുനാഗപ്പള്ളി മണ്ഡലത്തിലെ കാട്ടിൽകടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിക്കായി 10.07.2017 തീയതിയിലെ സ.ഉ(സാധാ) നം.942/2017/ പൊ.മ.വ ഉത്തരവ് പ്രകാരം 20 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ടായിരുന്നു. 16.09.2019 തീയതിയിൽ കിഫ്ബിയിൽ നിന്നും ഭൂമി ഏറ്റെടുപ്പിനുൾപ്പെടെ 30.89 കോടി രൂപയുടെ സാമ്പത്തികാനുമതിയും തുടർന്ന് 05/04/2023 തീയതിൽ 44.89 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനു മതിയും ലഭിച്ചിട്ടുണ്ട്. |
| (ബി) | കാട്ടിൽ കടവ് പാലം നിർമ്മാണത്തിന് സാങ്കേതികാനുമതി ലഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ബി) | 330 മീ. നീളവും 11.0 മീ. വീതിയും ഉള്ള പാലവും അനുബന്ധ അപ്രോച്ച് റോഡ് നിർമ്മാണവും ആണ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. പ്രവൃത്തിക്കായി 44.89 കോടി രൂപയുടെ സാങ്കേതികാനുമതിയും 15.11.2023 തീയതിയിൽ നൽകിയിട്ടുള്ളതാണ്. പ്രവൃത്തി 16.06.2023 തീയതിയിൽ ടെൻഡർ ചെയ്തിരുന്നു. സിംഗിൾ ബിഡ് ആയതിനാൽ നിലവിൽ പ്രവൃത്തി റീടെൻഡർ ചെയ്യേണ്ടതുണ്ട്. അതിനായി പ്രൊജക്റ്റ് എക്സിക്യൂഷൻ ഡോക്യുമെന്റിന്റെ (PED) അംഗീകാരം കിഫ്ബിയിൽ നിന്നും ലഭ്യമാക്കുന്നതിനായി 18.11.2023 തീയതിയിൽ സമർപ്പിച്ചിരുന്നു. തിരുത്തലുകൾ വരുത്തുന്നതിനായി 28.02.2024 തീയതിയിൽ കിഫ്ബിയിൽ നിന്നും തിരികെ നൽകിയ PED തയ്യാറാക്കു ന്നതിനായി Consultancy കളായ NATPAC/Rites എന്നിവരോട് ആവശ്യപ്പെട്ടിരുന്നു. PED തയ്യാറാക്കുന്നതിന് NATPAC കൂടുതൽ സമയം ആവശ്യപ്പെട്ടിട്ടുണ്ട്. PED അംഗീകാരം ലഭ്യമായാലുടൻ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്. |
| (സി) | എത്രയും വേഗം സാങ്കേതിക അനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) | ബി പിരിവിന്റെ അതേ മറുപടി |

| | | | |
|---|---|---|---|
| (ഡി) | നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; കാലതാമസം കൂടാതെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | ബി പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ